പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2591

19/12/2012-ൽ മറുപടിയ്ക്കു്

**ശബരിമലയുമായി ബന്ധപ്പെട്ട ലേലം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) കഴിഞ്ഞ വർഷത്തേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് ശബരിമലയുമായി ബന്ധപ്പെട്ട വിവിധ ലേലങ്ങൾ ഉറപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശബരിമല ലേലത്തിലെ മൊത്ത വരുമാനം മുൻവർഷത്തെക്കാൾ 1,71,58,745/- രൂപ അധികമാണ്. എന്നാൽ നാളികേരം, പാർക്കിംഗ് ഫീ, വെടികുത്തക, ചില ഹോട്ടലുകൾ എന്നിവയുടെ ലേലത്തുക മുൻവർഷത്തെക്കാൾ കുറവായിരുന്നു. |
| ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ; | ബി) നാളികേരത്തിന് മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ തോതിൽ മാർക്കറ്റ് വിലയിൽ ഇടിവ് ഉണ്ടായതും മുൻവർഷങ്ങളിൽ നൽകിയിരുന്ന സൗകര്യങ്ങളിൽ പലതും സ്ഥല പരിമിതി മൂലം കോൺട്രാക്ടർക്ക് നൽകാൻ കഴിയാത്തതും നാളികേര ലേലത്തുക കുറയാൻ കാരണമായി. ശബരിമല പാർക്കിംഗ് ഫീ കഴിഞ്ഞ വർഷം പിരിച്ചെടുത്തത് ചാലക്കയം ടോൾ ബൂത്ത് കേന്ദ്രീകരിച്ചാണ്. കഴിഞ്ഞ വർഷത്തെ ലേലത്തിന് ശേഷം ടോൾ പിരിവിനെ സംബന്ധിച്ച് തർക്കമുണ്ടാവുകയും ടോൾ ബൂത്ത് ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തിരുന്നു. ഈ വർഷവും പാർക്കിംഗ് ഫീ ലേലം തടസ്സപ്പെടുത്തുവാൻ ഒരു വിഭാഗം ആൾക്കാർ ശ്രമിക്കുകയും ലേലത്തിൽ പങ്കെടുത്തവരെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ഇത് ലേലത്തിൽ പങ്കെടുക്കുന്നവരുടെ മത്സര സ്വഭാവം നഷ്ടപ്പെടുത്താൻ കാരണമാവുകയും ലേലതുക കുറയാൻ കാരണമാവുകയും ചെയ്തു. വെടിവഴിപാട് നടത്തുന്നതിനുള്ള ലൈസൻസിംഗ് നിബന്ധനകൾ കൂടുതൽ കർക്കശമാക്കിയതിനെ തുടർന്ന്, വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറായി |

വന്നില്ല. മുല്ലപ്പെരിയാർ വിവാദത്തെ തുടർന്ന് കഴിഞ്ഞ വർഷം ശബരിമലയിൽ ഭക്ത ജനങ്ങളുടെ വരവു കുറഞ്ഞതുമൂലം ഹോട്ടൽ അടക്കമുള്ള വിവിധ സ്റ്റാളുകളിൽ കച്ചവടം കുറയുകയും ഇതുമൂലം കുത്തകക്കാരിൽ പലർക്കും വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതുമാണ്. ഇതുകാരണം ഇവയുടെ ലേലത്തിൽ പങ്കെടുക്കുന്നതിനും ആളുകൾ വിമുഖത കാണിക്കുകയുണ്ടായി.

| | |
|---|---|
| സി) നിലവിലുള്ള നിയമങ്ങളും മാന ദണ്ഡങ്ങളും പാലിക്കാതെയാണ് ലേല നടപടികൾ പൂർത്തിയാക്കിയതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷി ച്ചിരുന്നോ; എങ്കിൽ കണ്ടെത്തലു കൾ എന്തെന്ന് വെളിപ്പെടുത്തുമോ? | സി) ശബരിമലയുമായി ബന്ധപ്പെട്ട് ലേല നടത്തിപ്പിനെപ്പറ്റിയും, ലേലം മൂലം റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ടോ, മറ്റു നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നും ഉചിതമായ ഒരു ഏജൻസി വഴി അന്വേഷണം നടത്തി വിവരം അടിയന്തിരമായി സർക്കാരിനെ അറിയിക്കുവാൻ ദേവസ്വം ബോർഡ് പ്രസിഡൻറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ